# ANTS

**Ambalangadan Mohamed, II B. A.**

We are
tiny tawny
toiling insects
of the floor and walls.

We strive
not to starve in life.
We steal stuff,
eat and store for future use.

Men stride
with pride on earth;
we are ants;
we live an'die in fear.

# അസ്തമനം

എൻ. കെ. അബ്ദുസ്സലാം, I P. D

സ്വസ്ഥതയറ്റൊരെന്നാത്മാവിന്നന്തര
മൊട്ടസന്താപത്തിലൂളിയിട്ടു.
അല്പമാം ശാന്തിതൻ പീയൂഷവും തേട
സ്വപ്നവസന്തത്തിൽ ഞാനാകന്നു.

ശുദ്ധനെന്നാത്മസുഹൃത്തുതൻ മോഹന
സ്വർഗ്ഗസംഗീതത്തിൽ ഞാൻ ലയിച്ചു.
ആയിരമാരാധ്യഗീതിപൊഴിച്ചിട്ടു-
മാറ്റിലെ ദേവത കൈകൾകൂപ്പി.

നോക്കിഞാനംബരവാടിയിലാശ്രിതർ
മേൽക്കുമേൽ തോരണം തൂക്കിടുന്നു.
പൂവണിപ്പട്ടുകൾ ചാർത്തിയൊരംബര
ദേവത നേത്രങ്ങൾ നട്ടുനില്പൂ.

കാഞ്ചനത്തേരിലെഴുന്നെള്ളിടുകയാം
കാമരൂപാനപിതൻ കർമ്മസാക്ഷി!
അംബുധിതൻതിരക്കൈകൾനീട്ടിക്കൊണ്ടു
ഗംഭീരസ്വാഗതമോതിടുന്നു!

# From Here to Eternity

*(A poem in memory of late Urdu poet, Shakeel Badayuni)*

**K. T. Abdurahman Thangal, II B. Com.**

Must we believe that Death has put an end
To the immortal rapture that were you?
The wound of life for you has healed;
But who'll heal our wounded hearts?

Death came like an uninvited guest,
To take you, to the abode of immortals
Though it has unkindly snatched you,
Shakeel! you live forever thro' your songs!

With tears we say, and in reverence we kneel,
For we will never meet a Genius like you;
Though Death has embraced you,
It has taken you, from Here to Eternity!

# ഹൃദയമേ ശമിച്ചാലും!

**അലി മുഹമ്മദ് തയ്യിൽ, II B. Sc. (Bot.)**

ചിലയ്ക്കും പറവതൻ
കളഗാനത്തോടൊപ്പം
ചലിക്കാൻ കൊതിക്കുമെൻ
കരളേ ശമിച്ചാലും!
വമിക്കുന്നുവോ നിന്നി
ലാശതൻ തീജ്വാലകൾ
ശമിപ്പിച്ചാലും നീയ
താത്മീയജലത്താലെ
മർത്ത്യൻതൻ സ്വപ്നത്തിന്നു
വിലയില്ലയീ ഭുവിൽ
അർത്ഥവുമില്ലയതിൽ
പാരമായ് ചിന്തിച്ചീടിൽ
കർമ്മത്തിൻ ഗതിപോലെ
വരുന്നൂ അവൻ മുന്നിൽ
നിർമ്മലപ്രപഞ്ചവും
ക്രൂരമാം ദിനങ്ങളും
ചിന്തിക്കിൽ അതിദൂര
മുയരാമവനിയിൽ
എന്തിലും എവിടേക്കും
ദൈവത്തിൻകടാക്ഷത്താൽ
ചിന്തയെ കൈവെടിഞ്ഞു
വാഴുന്നിതവൻ കഷ്ടം!
അന്തിമമാകും തന്റെ
യജ്ഞാതദിനംവരെ.

# ജ്യോതിസ്സിനോട്

കെ. ഉമാദേവി, II P. D. C.

ചിത്തത്തിൽ വിളങ്ങിടും ജ്വലജ്യോതിസ്സേ, നീ
സത്യസാക്ഷാത്ക്കാരത്തിൻ മംഗളപ്രതീകം താൻ!
ഉത്തരോത്തരമെന്നിൽ നീ കനിഞ്ഞിടുകെൻെറ
ചിത്തമാലിന്യം നീക്കാൻ ചിൽപ്രഭ
യരുളുവാൻ.

നിരവം, നിശ്ശേഷം നിൻ രശ്മിതൻ ചൂടേററിട്ട്
ചാരമായ്ത്തീരട്ടെയക്കളങ്കക്കറികളേ!
ചൂളട്ടേ ജ്യോതിസ്സിൻ നിസ്തുലപ്രകാശത്തിൽ
കാലടിച്ചുവട്ടിലെ കാളാന്ധകാരം മേന്മേൽ.
നിൻെറ ശോഭയിലെന്നും വിളങ്ങിനില്ക്കാവൂ,
ഞാൻ
നിൻെറ ചൂടിലെന്നെന്നും വിരിഞ്ഞുനില്ക്കാവൂ
ഞാൻ.

# Lover Come Back to Me

**Kirath Das, II B. A. (Eng.)**

Here on height with lips so wet
I stand; the fool who lost his wit.
Down she ran with all my love,
"My love like red-rose" for her vow.

Here they spring, my thoughts in gloom,
Dancing round the scented bloom.
Her eyes half-closed and nose with sweat,
Her checks so red, — another set:

When she came, my hands so tight
On waist so slim; her laugh in light
Voice compressed in kiss that speaks!
Now, alone, with dark that packs

my brain with madness; Nay in drift,
Comes the sift of nothingness; or the swift,
Swift that comes to eat me up? Rest,
Where there's no shade but thirst.

Come my love oh! climb again,
I may drown in night insane!
Or fly in air with wings so weak,
Die of flight and fall a wreck!

But whither shall I fly alone,
From dark to dark? there's no morn,
My words go mad, my thoughts go far,
Oh! whither whither shall I . . . . .

# മോഹഭംഗം

എം. കെ. കണ്ടിയോത്ത് III B. A.

അകലെ കുന്നിൻമേലെ, ചൊരിയും വിളക്കിൻെറ-
പ്രഭയും നിതാന്തമാം നിശയും ക്ഷണിക്കുന്നു
ശാന്തമാം പരിസരമിരുട്ടിൻസാന്നിദ്ധ്യത്തിൽ-
പുണരാൻ ശ്രമിക്കുന്നു, ഹൃദയം ത്രസിക്കുന്നു.

പലരും സൌന്ദര്യത്തിന്നുറവേ, നിന്നെ പുൽകാൻ-
പകലും രാവും തേടി തിരയുന്നാവേശത്താൽ
പുലരാൻകാലംനീയെൻ തലയിൽ കരാംഗുലീ-
ചലനംനടത്തിയതെങ്ങനെ മറന്നീടും?

കവിതേ, ഹൃദയത്തെ കടക്കണ്ണെറിഞ്ഞു നീ
കടിഞ്ഞാണിട്ടിട്ടേതേയകലെ പറന്നുപോയ്?
കവിത കുറിക്കുവാൻ കൊതിയാൽ ഹൃദയത്തിൽ
തിരകളുയരുന്നു, കടലിന്നലകൾപോൽ!

എന്തിന്നായ് കടലാസ്സിൽ പകർത്താൻ ശ്രമിക്കുന്നു
വന്ധ്യമാം മനസ്സിൻെറയന്ധമാം സങ്കല്പങ്ങൾ?
മോഹഭംഗത്താലെൻെറ കരളിൽ കദനത്തിൻ
കരിന്തീയാളിക്കത്തി വിറച്ചു ദേഹം പാരം!

# മുന്നോട്ട്

എ. പി. പവിത്രൻ, I B. Sc. (Physics)

കാലവർഷക്കോളിളകി കാടും നാടും
നെടുങ്ങിലും,
കാലചക്രം മുന്നോട്ടല്ലോ കുതികൊള്ളുന്നു.
അംബരത്തിൽ കാർമേഘത്തിൽ താർമഷി
കലർന്നീടിലും,
അമ്പരന്നു നില്ക്കുന്നുണ്ടോ വെൺമതിബിംബം.
വാടികപ്പൊൽത്താർ നിരകൾ വാടിവീണു
നശിക്കിലും,
വാനിലെത്താരകൾക്കുണ്ടോ വാട്ടമേല്ക്കുന്നു.
തീക്കനൽ മിഴികൾ മിഴിച്ചുക്കനിടി
ഗർജ്ജിക്കിലും,
നീക്ക്യത്തിൻ ശാന്തിയ്ക്കുണ്ടോ നീക്ക
മെല്ലോളം
പാരം പാരം, തകർന്നിനിപ്പാരാവാരം
ചെറുക്കിലും,
പാരിടത്തിൻ പരിധിയ്ക്കു് കുറവെന്തുള്ളു!
പെരുമാരി ശരനിര ചൊരിയട്ടെ കരുത്തനാം
മരുത്തൊത്തു് ചാട്ടനീട്ടിയടിച്ചിടട്ടെ,
പ്രളയവാരിയെന്നോണം പെരുവെള്ളം
പരക്കട്ടെ!
നിലയററു നീന്തീടട്ടെ കർഷകലോകം.
ഇരുൾത്തിരശ്ശീലയിതാ ശിഥിലമാ
യുഷസ്സിങ്കൽ
പരിശോഭിച്ചുയരുന്നു ബാലഭാസ്കരൻ.
തലപൊക്കി നിന്നീടുമിത്തരുക്കൾതൻ
തളിരുകൾ
വെളിച്ചത്തിൻ വൈജയന്തിയെന്നുതോന്നുന്നു
മുന്നോട്ടു മുന്നോട്ടെന്നല്ലോ കാലം ചാലെ
ചലിക്കുന്നു
മുന്നോട്ടു നീങ്ങുവിൻ നമ്മൾ വിജയമേല്ലിൻ

# പൂക്കൾ

പി. മുഹമ്മദ്, Final M.Sc. (Maths)

പാരിലെജ്ജീവിതം സാനന്ദമാക്കുവാൻ,
കൂരിരുട്ടിങ്കൽ പ്രകാശം പരത്തുവാൻ
ചൂടാൻവേദന വിങ്ങി നെടുവീർപ്പിൽ
വാട്ടം കരളിൽ കുളിർപകർന്നീടുവാൻ;
നീറുമാത്മാവിന്നു നിർവൃതിയേകുവാൻ
വാടാതെ വീഴാതെ വാഴ്ക സൂനങ്ങളെ.
നിങ്ങൾതൻ വർണ്ണവൈവിധ്യമനുകരി–
ക്കുന്നിതാ വാനിടംപോലുമനുദിനം.
അല്ലെങ്കിലെന്തിനീ സന്ധ്യകൾ നിത്യവും
അംബരം ചാർത്തുന്ന ചാരുവാമംബരം.
വാനം തെളിയുന്ന വാസന്തരാത്രിയിൽ
സോമൻ ചിരിക്കുന്ന സുന്ദരവേളയിൽ
നിങ്ങൾതൻസോദരിമാരെന്നുതോന്നുമാ–
റങ്ങതാ വാനിൽ വിരിയുന്ന താരകൾ;
എൻമലർവാടിയിലിന്നുവിരിഞ്ഞതാം
പൊൻമലർത്തോഴരേ നിങ്ങൾ പിരിഞ്ഞു
പോയ്.
എങ്കിലും നിങ്ങൾതൻഹ്രസ്വമാംജീവിത–
മുന്നതാദർശം പുലർത്തുന്നു പാരിതിൽ!

# പൂവിൻെറ രാഗം

**പി. കെ. ദിവാകരൻ,** II B. Sc. (Physics)

കൃഷ്ണപക്ഷത്തിൽ പുള്ളി-
ക്കുത്തുകൾ തുന്നിച്ചേർത്ത
സ്വപ്നമായെന്നുന്നിലേ-
ക്കൊന്നുനീയടുക്കുന്നോരാം,
മന്ദം മീട്ടിപ്പാടും
രാഗമാണത്രെ നിൻെറ
യിന്ദ്രിയങ്ങളിൽത്തട്ടി-
യുച്ചത്തിൽക്കേൾക്കാവുന്നു!
ഒത്തിരിത്തേനുംവച്ചു
കാത്തിരുന്നീടുന്നു ഞാ-
നെത്രനേരമായ്, കഷ്ടം!
നീ വന്നു ചേർന്നീലല്ലോ!
നീ പറന്നകലല്ലേ
എന്നുടെ മനസ്സിൻെറ
സീമകൾക്കതീതമാ...
ണത്രെയെൻ തേൻതുള്ളികൾ!
മാനസ സരോവര-
തീരത്തിൽക്കളിയാടി-
ത്താമസിച്ചീടും സ്വപ്നം
വളർത്തിയെടുത്തൊരു
മോഹത്തിൻ നൽത്താമര-
പ്പൂവുകളെനിക്കേകും
രാഗത്തിൻ പരിശുദ്ധ-
സ്നേഹമാം തേൻതുള്ളികൾ!
അണയ്ക്കൂ മമ സഖേ;
സ്വീകരിച്ചാലും നിൻെറ
പ്രിയ നല്കീടുമന്ന..
രാഗത്തിൻ തേൻതുള്ളികൾ . .
താവക കരസ്പർശ-
മേല്ക്കുവാ; നൊരു സ്വപ്നം
പൂവണിഞ്ഞീടാൻ കൊതി-
ച്ചെത്രനേരമായ് നിൽപൂ.
തരില്ലേ പ്രേമം; തീർത്തു-
തരില്ലേ മോഹം; സ്വയ-
മതിലെൻ മനസ്സിനെ
ഉന്നതതലത്തിലേ-
ക്കുയർത്തിത്തരില്ലേ; നീ-
ന്നടുത്തേക്കെത്തിച്ചേരാൻ
കൊതിക്കും ഹൃദയത്തിൻ
ഭാവവും സ്മരിക്കില്ലേ?
പറന്നു പറന്നു നീ
പോകുന്നോ ഹൃദയത്തിൻ
മധുവും നുകർന്നു കൊ-
ണ്ടിത്തിരി നിന്നീടാതെ . . . .

# വിടരാത്ത പൂമൊട്ടുകൾ

ആലി കടവത്തൂർ, I B. Sc. (Botony)

ചിത്തിരരാവിൽ വയലുകംതോറും
നൃത്തംവച്ചു നടക്കാൻ
അത്തിമരത്തിൻകൊമ്പിലിരിക്കും
തത്തമ്മക്കൊരു മോഹം.

തെന്നൽപുഷ്പദളങ്ങളൊത്തു
കിന്നാരം പറയുമ്പോൾ
വണ്ടിനു പനിനീർപ്പൂവിന്നിതളിൽ
ചുണ്ടുപതിക്കാൻ നാണം

ആമ്പൽപ്പൂക്കൾ സരസ്സിൻ മാറിൽ
കൂമ്പിവരുന്നതു കാണ്കെ;
കന്നിപ്പെണ്ണിനുള്ളിലിരിക്കും
സങ്കല്പത്തിനു ദാഹം.